TB Movie Panel Presentation

# ബാസിഗർ

Written By Aarjith Pradeep

1991 ൽ ഇറ ലിവിന്റെ A Kiss Before Dying എന്ന നോവലിനെ അടിസ്ഥാനമാക്കി അതേ പേരിൽ പുറത്തിറങ്ങിയ erotic thriller സിനിമയെ , ഹോളിവുഡിൽ നിന്ന് ബോളിവുഡിലേക്ക് പറിച്ചു നടാൻ അബ്ബാസ് - മസ്താൻ ടീം തീരുമാനിച്ചു.നായക കഥാപാത്രത്തിനായി താരങ്ങളായ അക്ഷയ് കുമാർ,സൽമാൻ ഖാൻ,അനിൽ കപൂർ,അജയ് ദേവ്ഗൺ, അർമാൻ കൊഹ്ലി തുടങ്ങിയവരെയൊക്കെ സമീപിച്ചുവെങ്കിലും ആരും ഇങ്ങനെ ഒരു നെഗറ്റിവ് കഥാപാത്രം ചെയ്യാൻ താല്പര്യം കാണിച്ചില്ല.ഒടുവിൽ സഹ നായക കഥപാത്രങ്ങളുമായി ആ കാലത്ത് ഉയർന്നു വന്ന ഷാരൂഖ് എന്ന പുതുമുഖത്തിലേക്ക് ആ വേഷം എത്തി ചേർന്നു... പിന്നെ നടന്നതെല്ലാം ബോളിവുഡിന്റെ കൂടി ചരിത്രമാണ്, ഇന്ത്യൻ സിനിമയുടെ ബാദുഷായുടെ ജനനം ആയിരുന്നു അത്..

നായകനും രണ്ടു നായികമാരും ഉള്ള ഈ സിനിമയിൽ triangle love story ക്ക് അപ്പുറം ഒന്നും പ്രതീക്ഷിക്കാതെ എത്തിയ പ്രേക്ഷകർ ഇന്റർവെൽ ട്വിസ്റ്റ് കണ്ട് ഞെട്ടി എന്ന് തന്നെ ഉറപ്പിച്ചു പറയാം.. അന്നോളം ഇന്ത്യൻ സിനിമയിലെ നായകൻ കാണിക്കാത്ത വില്ലത്തരവും ആയി എത്തിയ ബാസിഗർ, അതിന്റ അണിയറ പ്രവർത്തകർ പ്രതീക്ഷച്ചതിലും വലിയ വിജയമായി മാറി.

ഷാരൂഖ് ഖാൻ എന്ന നടന് മാത്രമല്ല ബാസിഗർ ഒരു വഴിതിരിവ് ആയത്, കജോളിന്റെ സാമ്പത്തികമായി വിജയം നേടിയ ആദ്യ ചിത്രവും ഇതായിരുന്നു, ശില്പ ഷെട്ടി എന്ന നായിക നടിയുടെ ആദ്യ സിനിമയും ഇതു തന്നെയായിരുന്നു.. സംഗീത സംവിധാന രംഗത്ത് അനുമാലിക്കിന് തന്റെതായ മേൽവിലാസം ഉണ്ടായതും ഈ സിനിമയോട് കൂടിയായിരുന്നു.ഈ സിനിമയുടെ വിജയത്തിൽ നല്ലൊരു പങ്കു വഹിക്കാൻ അതിലെ മനോഹര ഗാനങ്ങൾക്ക് കഴിഞ്ഞു.ഒരു കോടിയിൽ അധികം മ്യൂസിക് കാസറ്റുകൾ ആണ് ഈ സിനിമയുടേതായി ലോകമെമ്പാടും വിറ്റഴിഞ്ഞത്.മൂന്നു പതിറ്റാണ്ടുകൾക്ക് അപ്പുറം ഇന്നും ആളുകൾ ആ ഗാനങ്ങൾ മൂളി പാട്ടായി കൊണ്ട് നടക്കുന്നത് കാണാം.

പൊട്ടിച്ചിരിയിലൂടെ ഈ സിനിമയിലെ വയലൻസിനെ ബാലൻസ് ചെയ്തു കൊണ്ട് പോയ ജോണി ലിവറിന്റെ മികച്ച പ്രകടനവും എടുത്തു പറയേണ്ടത് തന്നെയാണ്. വില്ലന്റെ വില്ലൻ ആയി എത്തിയ ദിലിപ് തഹിറിന്റെ (മൈ ഡിയർ കുട്ടിച്ചാത്തനിലെ അച്ഛൻ വേഷം ചെയ്തയാൾ) പ്രകടനവും ഈ സിനിമയെ ഒരു വൻ വിജയമാക്കി മാറ്റുന്നതിന് സഹായകമായി.

ഈ സിനിമ തെലുങ്കിൽ vetagadu എന്ന പേരിലും കന്നഡയിൽ nagarahavu എന്ന പേരിലും തമിഴിൽ samrat എന്ന പേരിലും റീമേക്ക് ചെയ്യപ്പെട്ടു